മലയാള മനോരമ
ESTABLISHED 1888
09 November 2017

# കൊച്ചിയുടെ സ്വന്തം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പുത്തൻ സാങ്കേതിക വിദ്യകൾ കർഷകർക്കിടയിൽ

കൊച്ചി ∙ മനസ്സിലിരിക്കാൻ വേണ്ടി മാത്രം ഒരു കൊച്ചുകാര്യം പറയാം. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെവികെ) ഇന്ത്യയിൽ രണ്ടാമതായി പ്രവർത്തനമാരംഭിച്ച കെവികെയാണ്. 1976ൽ. പക്ഷേ, പ്രവർത്തനം വിലയിരുത്തിയാൽ നമ്മുടെ കെവികെയ്ക്ക് ഒന്നാംസ്ഥാനം നൽകേണ്ടിവരും.

അത്രയ്ക്കുണ്ട് നൂതനവും വിപുലവുമായ കർഷക സേവന പദ്ധതികൾ. പട്ടണങ്ങളിൽ മണ്ണില്ലാതെ കൃഷി ചെയ്യാൻ സഹായിക്കുന്ന 'മണ്ണില്ലാനടീൽ മിശ്രിതം' പോലെ നല്ല പളപ്പൻ ആശയങ്ങളാണു പ്രാവർത്തികമാക്കുന്നത്. എല്ലാതരം കൃഷികളുടെയും പുത്തൻ സാങ്കേതിക വിദ്യകൾ കർഷകർക്കിടയിൽ പരിചയപ്പെടുത്തുകയും പ്രചരിപ്പിക്കുകയുമാണു കെവികെയുടെ പ്രധാന ദൗത്യം. ആധുനിക കൃഷിരീതികൾ എങ്ങനെ നടപ്പാക്കാമെന്ന് അതതു സമയങ്ങളിൽ കർഷകർക്കു നിർദേശം നൽകുന്നു.

ഇതിനു പുറമേ, കർഷക പങ്കാളിത്ത പരീക്ഷണങ്ങൾ നടത്തി പുത്തൻ സാങ്കേതിക വിദ്യകൾക്കു കൃഷിയിടങ്ങളിൽ ലഭിക്കുന്ന സ്വീകാര്യതയും പ്രതികരണങ്ങളും ശാസ്ത്ര സമൂഹത്തിലെത്തിക്കുകയും ചെയ്യുന്നു. നെൽ കൃഷി, പൊക്കാളി കൃഷി, മത്സ്യ കൃഷി, മൃഗസംരക്ഷണം, ഫലവൃക്ഷ കൃഷി, ഉദ്യാന പരിപാലനം, തേനീച്ച വളർത്തൽ, ജൈവ പച്ചക്കറി കൃഷി തുടങ്ങി എല്ലാത്തരം കൃഷിരീതികളുടെയും വികസനത്തിനു മതിയായ സാങ്കേതിക വിദ്യകൾജില്ലയുടെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുസൃതമായി തിരഞ്ഞെടുക്കാനും അവ ജനകീയമാക്കാനും കെവികെയ്ക്കു കഴിഞ്ഞിട്ടുണ്ട്.

കൃഷിയുടെ ലുക്ക് മാറ്റി! പുത്തൻ മേക്കോവറിലാണു ജില്ലയിലെ കൃഷിയുടെ പുതിയ മുഖം. ഏക്കറുകണക്കിനു പാടശേഖരങ്ങളും തോടും കുളവുമൊക്കെ കൃഷിക്കാവശ്യമാണെന്ന ധാരണയെ തിരുത്താൻ കൃഷി വിജ്ഞാന കേന്ദ്രം മുന്നിട്ടിറങ്ങി. നഗരത്തിൽ കഴിയുന്നവർക്കു മണ്ണില്ലാതെയും നിലമില്ലാതെയും കൃഷി ചെയ്യാനാകുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചതിനെപ്പറ്റി ആദ്യം പറയാം.

കൊച്ചി നഗരത്തിൽ താമസിക്കുന്നവർക്കു വിഷമുക്തവും ശുദ്ധവുമായ പച്ചക്കറിയും പഴങ്ങളും കൃഷി ചെയ്തെടുക്കാൻ സഹായകരമായ സാങ്കേതിക രീതിയാണു മണ്ണില്ലാതെ കൃഷി ചെയ്യാവുന്ന മണ്ണില്ലാ നടീൽ മിശ്രിതം. നിലമില്ലാത്തവർക്കു വീടിന്റെ ടെറസുകളിൽ എങ്ങനെ ഫലപ്രദമായി പഴവർഗങ്ങൾ ഉണ്ടാക്കാമെന്നും കെവികെ നഗരവാസികളെ പരിചയപ്പെടുത്തി.

സ്റ്റാർട്ടപ്പ് കൃഷിയിലും ജലകൃഷിയിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിന് യുവാക്കൾക്കു കെവികെ പരിശീലനവും സഹായവും നൽകുന്നു. ജല കൃഷിയിൽ താൽപര്യമുള്ളവരെ തിരഞ്ഞെടുത്താണു സമഗ്രമായ സാങ്കേതിക പരിശീലനം നൽകി സ്വയം സംരംഭകരാകാൻ സഹായം നൽകുന്നത്.

ശുദ്ധജല മൽസ്യകൃഷി, ഓരുജല മൽസ്യ കൃഷി, കൂടുമൽസ്യ കൃഷി, ഞണ്ടുകൃഷി, കൊഞ്ചുകൃഷി തുടങ്ങിയ കൃഷി രീതികൾ, ജല ഗുണനിലവാര പരിശോധന, രോഗനിർണയം, മൽസ്യത്തീറ്റ നിർമാണം, ഹാച്ചറി പ്രവർത്തനം, കരിമീൻ വിത്തുൽപാദനം, മൽസ്യ വിഭവങ്ങളുടെ മൂല്യവർധിത ഉൽപാദനം, ആധുനിക പാക്കിങ് രീതികൾ, വിപണനം തുടങ്ങിയ മേഖലകളിലാണു തൊഴിൽ-വൈദഗ്ധ്യ പരിശീലനം നൽകുന്നത്.

ജലകൃഷിയിൽ സംരംഭകരാകാൻ സാമ്പത്തിക സഹായം നൽകുന്ന ഏജൻസികളുമായി ബന്ധപ്പെടുത്താനും ധനസഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടിക്രമം കൈക്കൊള്ളാനും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവരെ വിജ്ഞാന കേന്ദ്രം സഹായിക്കുന്നു. ശുദ്ധമായ ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവയുടെ നിർമാണം വിപണനം, പച്ചക്കറി ഫലവൃക്ഷത്തൈ പരിപാലനം, കമ്പോസ്റ്റ് നിർമാണം തുടങ്ങിയ മേഖലകളിലും സ്റ്റാർട്ടപ്പ് പരിശീലനമുണ്ട്.

'സേന'കളുടെ കഥ കേൾക്കൂ മൽസ്യ കൃഷിയിലേക്കു കടന്നുവരുന്നവരെ സഹായിക്കാൻ കെവികെയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടതാണു കടമക്കുടി മൽസ്യ കർമ സേന (അക്വാ ടാസ്ക് ഫോഴ്സ്). മൽസ്യ കൃഷി തുടങ്ങുന്നതിന് ആവശ്യമായ എല്ലാതരം സാങ്കേതിക സഹായങ്ങളും നിർദേശങ്ങളും കർഷകർക്കു സേന നൽകുന്നു.

ജൈവവള നിർമാണ വിതരണത്തിനു ജീവ കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് എന്ന കർമസേനയും പച്ചക്കറി നട്ടുകൊടുക്കുന്നതിനു വൈപ്പിൻ ഹരിതശ്രീ കർമസേനയും കെവികെയ്ക്കു കീഴിൽ പ്രവർത്തിക്കുന്നു.

ജൈവവളം, ജൈവ കീടിനാശിനികൾ, പച്ചക്കറി വിത്തുകൾ, സൂക്ഷ്മ മിശ്രിതങ്ങൾ, അമിനോപ്ലസ് ജൈവ ഹോർമോൺ, പഞ്ചഗവ്യ, വേപ്പിൻ പിണ്ണാക്ക്, വേപ്പിൻ തൈലം തുടങ്ങി അനേകം ഉല്പന്നങ്ങൾ ഞാറയ്ക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന കെവികെ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

കരിങ്കോഴിയെ കിട്ടണമെങ്കിൽ കെവികെ കനിയണം കെവികെയിൽ ഏറ്റവും കൂടുതൽ ആവശ്യക്കാരെത്തുന്നത് ഔഷധ ഗുണമുള്ള കരിങ്കോഴിയെ വാങ്ങാനാണ്. ചില പ്രത്യേക സീസണുകളിൽ മുംബൈയിൽനിന്നു കുഞ്ഞുങ്ങളെ വരുത്തി രണ്ടു മാസത്തോളം വളർത്തിയാണു കെവികെ കരിങ്കോഴിയെ വിതരണം ചെയ്യുന്നത്. കരിങ്കോഴിയുടെ മുട്ടയും ഇറച്ചിയും ഏറെ ഔഷധ ഗുണമുള്ളതാണ്. ബോക്സ് കെവികെയുടെ പ്രധാന ഉൽപന്നങ്ങൾ.

ജൈവ കീടനാശിനികൾ, കെണികൾ മരച്ചീനി ഇലകളിലുള്ള വിഷവസ്തു പ്രത്യേകമായി വേർതിരിച്ചെടുത്തു നാലുതരം ജൈവ കീടനാശിനികൾ കെവികെ നിർമിച്ചു വിതരണം ചെയ്യുന്നു. നന്മ, മേൻമ, ശക്തി, ശ്രേയ എന്നീ പേരുകളിലാണു വിപണിയിലുള്ളത്. നീം ഡി പെസ്റ്റ് വേപ്പെണ്ണ അധിഷ്ഠിത ജൈവ കീടാനാശിനിയാണ്. മാവിനും പച്ചക്കറികൾക്കും പ്രത്യേകം കായീച്ചക്കെണികളും ലഭ്യമാണ്.

ടോപ്പ് അപ്പുകൾ (സൂക്ഷ്മ മൂലകക്കൂട്ടുകൾ) പച്ചക്കറിയിലും വാഴയിലും ഇലകളിൽ തളിച്ചു കൊടുക്കാവുന്ന സൂക്ഷ്മമൂലകക്കൂട്ടുകളാണു ബനാന ടോപ്പ് അപ്പും വെജിറ്റബിൾ ടോപ്പ് അപ്പും. കർഷകർക്ക് ഏറെ പ്രിയങ്കരം.

ജൈവ വളങ്ങൾ കടൽമീനിന്റെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് ഫിഷ്‌ലൈസർ എന്ന പേരിലുള്ള ജൈവവളം 100 ഗ്രാം പായ്ക്കറ്റുകളിൽ ലഭിക്കും. ഓർഗാനോ എക്സൽ, വേപ്പിൻ പിണ്ണാക്ക്, മണ്ണിര കമ്പോസ്റ്റ് എന്നിവയും കെവികെ ഉൽപാദിപ്പിക്കുന്നുണ്ട്.... ജൈവഹോർമോൺ ചാളയും ശർക്കരയും ഉപയോഗിച്ചാണ് അമിനോപ്ലസ് എന്ന ജൈവ ഹോർമോൺ നിർമിക്കുന്നത്. ചെടികളിൽ തളിക്കാൻ, നാടൻ പശുക്കളുടെ പാല്, നെയ്യ്, തൈര്, മൂത്രം, ചാണകം എന്നിവ ചേർത്തു പഞ്ചഗവ്യ എന്ന ജൈവഹോർമോൺ നിർമിച്ചു വിപണനം ചെയ്യുന്നുണ്ട്.

വിത്തുകൾ വിവിധയിനം പച്ചക്കറി വിത്തുകളും കാലിത്തീറ്റയ്ക്ക് അനുയോജ്യമായ വിളകളുടെ വിത്തുകളും ലഭ്യമാണ്.

ഉപഗ്രഹ വിത്തുൽപാദന യൂണിറ്റുകൾ കൊച്ചി നഗരത്തോടു ചേർന്നു നിൽക്കുന്ന സ്ഥലങ്ങളിൽ കെവികെയുടെ വിവിധ ഉൽപാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കരിമീൻ വിത്തുല്പാദനം, പച്ചക്കറി വിത്തുല്പാദനം, പായ്ക്കിങ്, ഗ്രോബാഗ് നിർമാണം, മണ്ണില്ലാ നടീൽ മിശ്രിതം, കരിങ്കോഴി വളർത്തൽ, കീടനാശിനി നിർമാണം തുടങ്ങിയവ ഇത്തരം യൂണിറ്റുകളിലാണു നടക്കുന്നത്.

തേനീച്ച വളർത്താം തേനീച്ച വളർത്താൻ താൽപര്യമുള്ളവർക്കു ചെറുതേനീച്ച കോളനികൾ നിർമിക്കാൻ കെവികെ സാങ്കേതിക പിന്തുണ നൽകുന്നുണ്ട്. ആവശ്യമുള്ളവർക്കു തേനീച്ചക്കൂടുകൾ എത്തിച്ചു നൽകും.

കർഷക ഉൽപാദക കമ്പനികൾ ഇടനിലക്കാരെ ഒഴിവാക്കി ഉൽപന്നങ്ങൾക്കു മികച്ച വില ഉറപ്പാക്കി കർഷകക്കൂട്ടായ്മകളിലൂടെ സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു കെവികെയുടെ നേതൃത്വത്തിൽ കർഷക ഉൽപാദക കമ്പനികൾ രൂപീകരിക്കുന്നുണ്ട്. അധികവരുമാനം നടത്തുന്നതിനു നേരിട്ടു കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപാദക കമ്പനികൾ ശ്രദ്ധിക്കുന്നുണ്ട്. ഇതിനോടകം, പൊക്കാളി കർഷക ഉൽപാദക കമ്പനിയും പെരിയാർവാലി സ്പൈസ് ഉൽപാദക കമ്പനിയും റജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണന്റെ മേൽനോട്ടത്തിലാണ് എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനം നടക്കുന്നത്. സീനിയർ സയന്റിസ്റ്റ് ഡോ ഷിനോജ് സുബ്രഹ്മണ്യനാണു കെവികെയുടെ മേധാവി.